# മലയിൻമറുപക്കം

ചിത്ര ഒരു യുവവിധവയാണ്. ഭർത്താവ് ഒരു സ്കൂട്ടർ അപകടത്തിൽ മരിക്കാനിടയായി. അതുണ്ടായതാണെങ്കിൽ അവരുടെ വിവാഹംകഴിഞ്ഞ് ഏറെ താമസിയാതെയും! സ്വന്തം വീട് മുതലായ ഇടത്തരക്കാരുടെ സ്ഥിരം സ്വപ്നങ്ങൾ താലോലിച്ചുകൊണ്ടിരിക്കെയാണ് അത്യാഹിതം. താമസിക്കുന്ന വീടിന്റെ മുക്കിലും മൂലയിലുമൊക്കെ ഭർത്താവിനെപ്പറ്റിയുള്ള ഓർമ്മകൾ നിറഞ്ഞുനിൽക്കുകയാണ് ചിത്രയ്ക്ക്. കാൽനഖം വെട്ടിക്കൊടുത്തപ്പോൾ തെറിച്ചുപോയി മുറിയുടെ മൂലയിൽ കിടക്കുന്നതുംകൂടി അവളിൽ ഭർതൃസ്മരണ ദീപ്തമാക്കുന്നു.

**പുസ്തകക്ഷേത്രം -10**
**അഡ്വ. പി. രാമദാസ്**

അവളുടെ കുടുംബസുഹൃത്താണ് ശരവണൻ. ദുഃഖസ്മൃതികൾ നിറഞ്ഞ ഏകാന്തതയിൽ നിന്ന് ഒരു പരിധിവരെ മോചനം നേടുന്നതിന് ഒരു ജോലി ഉപകരിച്ചേക്കുമെന്ന് ചിത്രയെ ശരവണൻ ഉപദേശിച്ചു. പുതിയ താങ്ങും തണലുമായി അയാൾ. പതുക്കെപ്പതുക്കെ അയാൾ ചിത്രയുടെ മനസ്സിലേക്ക് കേറിച്ചെന്നു. ഹൃദയക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച ഭർതൃവിഗ്രഹത്തെ ആ നല്ല മനുഷ്യൻ ഇളക്കിമാറ്റുമോ എന്നവൾ പേടിച്ചു

പുതിയ ബന്ധം മുമ്പുണ്ടായിരുന്നതിന് ഒരുനിലയിലും സമാനമാകുന്നതല്ലെന്ന് അയാൾക്കും നിശ്ചയമുണ്ടായിരുന്നു. അവസാനം അവൾ ജീവിതയാഥാർത്ഥ്യങ്ങളെ അംഗീകരിച്ച് അവയുമായി ഒരു സന്ധിയിലെത്തിച്ചേർന്നു.

ആധുനിക തമിഴ് എഴുത്തുകാരിൽ ഒരു പ്രമുഖ സ്ഥാനമുള്ള ശിവശങ്കരിയുടെ "മലയിൻ മറുപക്കം"(The other side of the mountain) എന്ന നോവലിന്റെ കഥാസൂചനയാണ് മേലെ.

സാമൂഹിക പ്രശ്നങ്ങളുടെ അപഗ്രഥനമാണ് ശിവശങ്കരിയുടെ ഒട്ടുമിക്ക കൃതികളിലും ദൃശ്യമാകുന്നത്. മുപ്പതിലേറെ നോവലുകളും ഏതാനും നോവലെറ്റുകളും 150 ഓളം ചെറുകഥകളും ശിവശങ്കരിയുടേതായിട്ടുണ്ട്. ആഴത്തിലുള്ള ജീവിതാവബോധവും പ്രതിജ്ഞാബദ്ധതയും അവരുടെ കൃതികളിൽ വായനക്കാരന് തെളിഞ്ഞുകാണാം.

മദ്യപാനം, വാർദ്ധക്യക്കാരുടെ പ്രശ്നം, വികലാംഗരുടേയും ബുദ്ധിമാന്ദ്യമുള്ളവരുടേയും പ്രശ്നങ്ങൾ എന്നീ സാമൂഹ്യപ്രാധാന്യമുള്ള വിഷയങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ടി.വി., ഓഡിയോ രംഗത്തും അവർ പ്രവർത്തിച്ചുവരുന്നു.

കൽക്കട്ട ലിറ്റററി ഫോറത്തിന്റെ 1989-90ലെ ഏറ്റവും നല്ല തമിഴ് നോവലിനുള്ള അവാർഡിനർഹമായിത്തീർന്ന 'വെറിലത മരങ്ങൾ', 'പാലങ്ങൾ', 'നാൻ സനാകെ' തുടങ്ങിയവ അവരുടെ പ്രമുഖ നോവലുകളാണ്. ജനപ്രീതി മാത്രമല്ല ഗ്രന്ഥരചനയുടെ ലക്ഷ്യം എന്ന വിശ്വാസമായിരിക്കാം തമിഴ് വായനക്കാർക്കിടയിൽ ധാരാളം പ്രശസ്തി ഉണ്ടായിട്ടും ശിവശങ്കരി താരതമ്യേന കുറച്ചു